അഹോ വിധാതസ്തവ ന ക്വചിദ്ദയാ
സംയോജ്യ മൈത്ര്യാ പ്രണയേന ദേഹിന:
താംശ്ചാകൃതാർത്ഥാൻ വിയുനങ്ക്ഷ്യ പാർത്ഥകം
വിക്രീഡിതം തേƒർഭക ചേഷ്ടിതം യഥാ **(10-39-19)**
ഏവം ബ്രുവാണാ വിരഹാതുരാ ഭൃശം വ്രജസ്ത്രിയ: കൃഷ്ണ വിഷക്തമാനസാ:
വിസൃജ്യ ലജ്ജാം രുരുദു: സ്മ സുസ്വരം ഗോവിന്ദ ദാമോദര മാധവേതി **(10-39-31)**

*ശുകമുനി തുടർന്നു:*
മധുരാപുരിയിലെ ബന്ധുജനങ്ങളുടെ സൗഖ്യമന്വേഷിക്കുന്നതിനിടക്ക് കൃഷ്ണൻ പറഞ്ഞു: 'കഷ്ടം. എന്റെ പേരിൽ എന്റെ മാതാപിതാക്കൾക്ക് എത്ര ദുരിതമനുഭവിക്കേണ്ടതായി വന്നു. എന്റെ പേരിൽത്തന്നെ എത്ര കുഞ്ഞുങ്ങൾ വധിക്കപ്പെട്ടു. ഞങ്ങൾക്ക് അവിടത്തെ കണ്ടതിന്റെ സന്തോഷം പറയാവതല്ല. അങ്ങേക്കായി ഞങ്ങൾ എന്തു ചെയ്യണമെന്നറിയിച്ചാലും.' ഇതിനു മറുപടിയായി മധുരയിൽ നടന്ന കാര്യങ്ങളെല്ലാം അക്രൂരൻ വിശദീകരിച്ചു. നാരദന്റെ പ്രവചനവും കംസന്റെ പദ്ധതിയുമെല്ലാം അക്രൂരൻ പറഞ്ഞതുകേട്ട് രാമകൃഷ്ണൻമാർ ഉറക്കെ പൊട്ടിച്ചിരിച്ചു. അവർ നന്ദഗോപരോട് രാജാവിന്റെ ക്ഷണത്തെപ്പറ്റി പറയുകയും ചെയ്തു. ഗ്രാമവാസികളോട്ഷ നഗരത്തിൽ രാജകൊട്ടാരത്തിലെത്തിക്കാനുള്ള തൈരും വെണ്ണയും മറ്റു ക്ഷീരോൽപ്പന്നങ്ങളും സംഘടിപ്പിച്ചു വെയ്ക്കാൻ നന്ദഗോപർ ആവശ്യപ്പെട്ടു. വൃജത്തിലെ പുരുഷൻമാർ മഥുരായാത്രക്കായി തയ്യാറെടുത്തു.

എന്നാൽ സ്ത്രീജനങ്ങൾ വല്ലാതെ നിരാശരും ആകുലരുമായി കാണപ്പെട്ടു. അവർ ഒന്നിച്ചുകൂടി ഇങ്ങിനെ വാവിട്ടുകരഞ്ഞു. 'ജഗന്നിയന്താവേ നീയെത്ര ക്രൂരൻ. ലോകത്ത് അവിടുന്നു മനുഷ്യരെ ഒന്നിച്ചു ചേർത്തിട്ട് അവരുടെ ആഗ്രഹങ്ങൾ എല്ലാം നിവർത്തിക്കും മുൻപേ അവരെ പിരിക്കുന്നു. ഈ കംസദൂതന് അക്രൂരൻ എന്ന് പേര് നൽകിയതാരാണ്? അയാൾ ഞങ്ങളുടെ ജീവന്റെ ജീവനെ ഇവിടെനിന്നും കൊണ്ടുപോകാൻ വന്ന ക്രൂരനത്രെ. കഷ്ടം. നമ്മുടെ കൃഷ്ണനെ നോക്കൂ. ഇപ്പോൾ നമ്മെ നോക്കുന്നതുപോലുമില്ല. ഇവിടെ ശത്രുവെന്നോ മിത്രമെന്നോ ഒരു ഭാവഭേദവും കൃഷ്ണനില്ല. അവൻ ഇതിനെല്ലാം അതീതൻ. ഒരു പക്ഷേ നഗരസ്ത്രീകളുടെ വലയിൽപ്പെട്ട് കൃഷ്ണൻ നമ്മെ മറന്നുപോയേക്കും. ആ സ്ത്രീകൾക്ക് കൃഷ്ണദർശനം കിട്ടുന്ന ദിവസം മഹത്തായിരിക്കും. കാരണം ഭഗവാന്റെ മധുരമനോജ്ഞമായ മുഖമാണല്ലോ അവർ കാണാൻ പോകുന്നത്.' രഥം പോകാൻ തുടങ്ങിയപ്പോൾ സ്ത്രീകൾ ലജ്ജയേതുമില്ലാതെ ഉറക്കെ കരഞ്ഞു. ഗോവിന്ദാ ദാമോദരാ മാധവാ എന്നിങ്ങിനെ വിളിച്ച് വിരഹദു:ഖവേദന സഹിക്കാതെ ചിലർ രഥത്തിനു പിറകേ ഓടി. മറ്റു ചിലർ മോഹാലസ്യപ്പെട്ടു. കൃഷ്ണൻ ഒരു സന്ദേശം കൊടുത്തയച്ചു. 'ഞാൻ വരും'. അതിനുശേഷം വൃന്ദാവനത്തിലെ ഗോപസ്ത്രീകൾ കൃഷ്ണനെക്കുറിച്ചുതന്നെ സദാ ഓർമ്മിച്ച് അവന്റെ ലീലകൾ വർണ്ണിച്ചു പോന്നു.

മദ്ധ്യാഹ്നപൂജാസമയത്ത് അക്രൂരൻ കാളിന്ദീതീരത്ത് രഥം നിർത്തി. കൃഷ്ണനും ബലരാമനും രഥത്തിലിരുന്നു. അക്രൂരൻ നദിയിലിറങ്ങി മുങ്ങി. ജലത്തിൽ സർവ്വപ്രഭയോടെ രാമകൃഷ്ണൻമാരെ അക്രൂരൻ ദർശിച്ചു. അദ്ദേഹം ജലത്തിൽനിന്ന് തലയുയർത്തി രഥത്തിലേക്ക് നോക്കി. ജ്യേഷ്ഠാനുജൻമാർ രഥത്തിൽ ഇരിപ്പുണ്ട്. അല്ല ഇതൊരു തോന്നലല്ല. ഒരിക്കൽകൂടി അദ്ദേഹം ജലത്തിൽ മുങ്ങി. അപ്പോൾ അദ്ദേഹത്തിന് അതിമഹത്തായ ഒരുജ്ജ്വല ദൃശ്യം കാണായി. ഭഗവാൻ പാൽക്കടലിൽ അനന്തനിൽ ശയിക്കുന്നു. ദേവൻമാരും മറ്റു സ്വർഗ്ഗവാസികളും ചുറ്റും നിൽക്കുന്നു. ശ്രീ, പുഷ്ടി, സരസ്വതി, കാന്തി, കീർത്തി, തുഷ്ടി, ഇലാ, ഊർജ്ജം, വിദ്യ, അവിദ്യ, ശക്തി, മായ, തുടങ്ങിയ എല്ലാ ദിവ്യശക്തികളും ഭഗവൽസേവക്കായി കാത്തു നിൽക്കുന്നു.

*ശ്രീ -ഐശ്വര്യം. പുഷ്ടി- പോഷകത്വം. സരസ്വതി- അറിവും ജ്ഞാനവും. കാന്തി- വൈഭവം. കീർത്തി- പ്രശസ്തി. തുഷ്ടി- സംതൃപ്തി. ഇലാ- ഭൂമി. ഊർജ്ജം- സർവ്വശക്തി. വിദ്യ- ആത്മജ്ഞാനം. അവിദ്യ- അജ്ഞാനം.*